(സി) ഉണ്ട്. എസ്റ്റിമേറ്റ് തുക 55.93 ലക്ഷം രൂപയാണ്.

(ഡി&ഇ) കോൾ നിലങ്ങളിലൂടെ കടന്നുപോകുന്ന ശാസ്താംകടവ്-മനക്കൊടി റോഡിന്റെ 620 മീറ്റർ, 780 മീറ്റർ എന്നീ ചെയിനേജുകളിൽ ഭൂമി താണുപോയതുമൂലം സ്റ്റേജ് കൺസ്ട്രക്ഷൻ രീതി നടപ്പിലാക്കിയെങ്കിലും എംബാക്ക്മെന്റ് വീണ്ടും ഗുരുതരമായി താണുപോകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പണി ഫോർമേഷൻ ലെവലിൽ തൽക്കാലം നിർത്തി വയ്ക്കാനും ബാക്കിപണികൾ കുറഞ്ഞത് 2 സീസണുകൾക്ക് ശേഷം മാത്രം ചെയ്യുവാനും എൽ.ബി.എസ്സിലെ എഞ്ചിനീയറിംഗ് വിദഗ്ദ്ധർ 31-3-2002-ൽ നിർദ്ദേശിച്ചു. എന്നാൽ 1999-ൽ അനുമതി നൽകിയ ആർ.ഐ.ഡി.എഫ്. III-ൽ ഉൾപ്പെട്ട പദ്ധതികൾ പൂർത്തിയാക്കി അന്തിമക്ലെയിം 30-4-2003-ന് മുൻപ് സമർപ്പിക്കണമെന്ന് നബാർഡ് നിർദ്ദേശിച്ചതുമൂലം 13-9-2004-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3285/04/എൽ.എസ്.ജി.ഡി. പ്രകാരം പണി ഫോർക്ലോസ് ചെയ്യുകയാണ് ഉണ്ടായത്.

(എഫ്) സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഒഴികെയുള്ള പണികൾക്കായി ആകെ 50.89 ലക്ഷം രൂപ ചെലവഴിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 45.81 ലക്ഷം രൂപയുടെ ക്ലെയിം ബ്ലോക്ക് പഞ്ചായത്ത് സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിൽ 33.45 ലക്ഷം രൂപ നബാർഡ് അനുവദിക്കുകയും ആയത് ബ്ലോക്കു പഞ്ചായത്തിനു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവാക്കിയ തുകയും കൈവരിച്ച ഭൗതിക പുരോഗതിയും അനുപാതത്തിലല്ലെന്നും ആയതിനാൽ അന്തിമ ക്ലെയിം തുകയായ 12.36 ലക്ഷം രൂപ അനുവദിക്കാൻ കഴിയില്ലെന്നും നബാർഡ് അറിയിക്കുകയുണ്ടായി. ആർ.ഐ.ഡി.എഫ് III പദ്ധതിയുടെ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് ധനസഹായം നൽകുന്നതിനുള്ള സമയപരിധി കഴിയുകയും നബാർഡിൽ നിന്നും റീ ഇമ്പേഴ്സ്മെന്റ് ക്ലെയിം ലഭ്യമല്ലാത്തതുമായ സാഹചര്യത്തിൽ ടി തുക ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

അരീക്കോട് ബ്ലോക്കിൽ സഡക് യോജനാ പദ്ധതി പ്രകാരം റോഡ്

131 (3340) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് ബ്ലോക്കിൽ സഡക് യോജനാ പദ്ധതിയിൽ എരഞ്ഞിക്കോട് വണ്ടിതാകോളജ് റോഡ് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) പ്രസ്തുത റോഡ് നിർമ്മാണം നടത്താൻ അരീക്കോട് ബ്ലോക്ക് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ;

(ഡി) പ്രസ്തുത റോഡിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പ്രസ്തുത റോഡ് പണിക്ക് മുന്നോടിയായി ഇനിഷ്യൽ ലെവൽ എടുത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 11-2-2004-ലെ പ്രമേയ പ്രകാരം.

(ഡി) 30-9-2005-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തിയ കാസർഗോഡ് ബ്ലോക്കിലെ റോഡുകൾ

132 (3341) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്കായി കാസർഗോഡ് ബ്ലോക്കിലെ ഏതൊക്കെ റോഡുകളാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത് ;

(ബി) മേൽ റോഡുകൾക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) എങ്കിൽ ഏതൊക്കെ റോഡുകൾക്ക് എത്ര ലക്ഷം രൂപ വീതമാണ് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഫേസ് iv (2004-05)ൽ ഉൾപ്പെടുത്തി താഴെ പറയുന്ന റോഡുകളാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത് :

1.	വാവടുക്കം	-	കൊട്ടോടി റോഡ്
2.	പെർലടുക്കം-ശ്രീ. കൃഷ്ണനഗർ	-	കരിപ്പേടകം റോഡ്
3.	പൊവ്വൽ	-	ചൊക്കമൂലറോഡ്

(ബി) ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മഞ്ചേരി മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

133 (3342) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ എസ്.ജി.ആർ.വൈ., എസ്.ജി.എസ്.വൈ., സഡക് യോജന പദ്ധതികളിൽ റോഡുകൾ നിർമ്മിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly